(ബി) ഈ റോഡിൽ നിരവധി കൾവർട്ട് അടക്കമുള്ള റോഡുകളുടെ പുനരുദ്ധാരണത്തിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(സി) ഉടൻ പ്രവൃത്തി തുടങ്ങി റോഡ് ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത റോഡ് ഗതാഗതയോഗ്യമാണ്. അത്യാവശ്യം റിപ്പയർ പ്രവൃത്തി നടത്താൻ നടപടി എടുത്തിട്ടുണ്ട്.

(ബി, സി) ഫണ്ട് ലഭ്യതയനുസരിച്ച് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കുള്ള നടപടി സ്വീകരിക്കുന്നതാണ്.

കാർത്തികപുരം പാലത്തിന്റെ നിർമ്മാണം

49 [5028] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കാർത്തികപുരം പാലത്തിന്റെ ഇൻവെസ്റ്റിഗേഷനും ബോറിംഗും പൂർത്തിയായോ;

(ബി) പാലത്തിന്റെ പണിക്കുവേണ്ടി നബാർഡിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പാലത്തിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—സി) പാലത്തിന്റെ സൈറ്റ് സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ നടപടികൾ എത്രയും വേഗം ആരംഭിക്കുന്നതാണ്. ഈ പാലം നിർമ്മാണത്തിന് നബാർഡ് സഹായം ലഭ്യമാക്കാൻ ശ്രമിക്കുന്നതാണ്.

ഇടുമ്പ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണം

50 [5029] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ ഇടുമ്പ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ പാലം എന്നത്തേയ്ക്ക് തുറന്നുകൊടുക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അപ്രോച്ച് റോഡിനുള്ള ലാന്റ് അക്വിസിഷൻ നടപടികൾ നടന്നുവരുന്നു.

(ബി) സ്ഥലമെടുപ്പ് പൂർത്തിയാക്കി ഒരു വർഷത്തിനകം പാലം തുറന്നു കൊടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

തലശ്ശേരി-കുണ്ടുചിറ അണക്കെട്ട് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട നിവേദനം

51 [5030] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി-കുണ്ടുചിറ അണക്കെട്ട് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഗവൺമെന്റിന് നിവേദനങ്ങൾ ലഭ്യമായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ നിർമ്മാണത്തിനായി കൈക്കൊണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഈ പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

മൊടപ്പത്തൂർ പാലത്തിന്റെ നിർമ്മാണം

52 [5031] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊടപ്പത്തൂർ പാലത്തിന്റെ നിർമ്മാണ പ്രവൃത്തി നബാർഡിൽ ഉൾപ്പെടുത്തുന്നതിന് സർക്കാരിൽ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) ഈ പാലം നിർമ്മിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നിലമ്പൂർ-പെരുമ്പിലാവ് സ്റ്റേറ്റ് ഹൈവേ

53 [5032] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ-പെരുമ്പിലാവ് സ്റ്റേറ്റ് ഹൈവേയുടെ പട്ടാമ്പി മുതൽ ചാലിശ്ശേരി വരെയുള്ള റോഡിൽ ഗട്ടറുകൾ രൂപപ്പെട്ടും എഡ്ജുകൾ വന്നതും കാരണം രണ്ട് വാഹന അപകടങ്ങളിൽ ആളുകൾ മരിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly